# ദർഘാസ്

**TD/PDTS/27/2026-27-40** **22/10/2026**

തിരുവനന്തപുരം ഡെയറിയിൽ പ്രോഡക്ട്സ് വിഭാഗത്തിലെ തൈര് ട്രേ, ഐസ്ക്രീം ക്രെയ്റ്റ്, ഐസ് ബോക്സ് (ചെറുതും, വലുതും )എന്നിവ കഴുകി വൃത്തിയാക്കി അടുക്കി വണ്ടിയിൽ വെച്ച് തരുന്ന ജോലികൾ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങൾ / വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

## ജോലിയുടെ വിശദവിവരങ്ങൾ

1. പ്രോഡക്ട് വിഭാഗത്തിലെ ഡ്യൂട്ടി ഓഫീസറുടെ നിർദ്ദേശമനുസരിച്ച് മാർക്കറ്റിൽ നിന്നും തിരിച്ചു കൊണ്ടുവരുന്ന തൈര് ട്രേകൾ, ഐസ്ക്രീം ക്രെയ്റ്റ്,കൾ ഐസ്ക്രീം ബോക്സ്കൾ എന്നിവ കഴുകി വണ്ടിയിൽ അടുക്കി വെയ്ക്കൽ.
2. ട്രേകൾ കഴുകുന്ന മെഷീൻ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുകയും, അതിൽ ഉപയോഗിക്കുന്ന ഡിറ്റർജന്റ്, ഹോട് വാട്ടർ എന്നിവ കൃത്യമായ അളവിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തൽ.
3. ട്രേ വൃത്തിയാക്കുന്ന മെഷീൻ, ട്രേ വൃത്തിയാക്കൽ കഴിഞ്ഞു സോപ്പ് ഓയിൽ ഉപയോഗിച്ച് വൃത്തിയായി കഴുകിയിടൽ.
4. ട്രേ വൃത്തിയാക്കുന്ന മുറിയുടെ ചുവരുകൾ, തറ, പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കൽ.
5. പൊട്ടിയ ട്രേകൾ തെരഞ്ഞു മാറ്റി അടുക്കി വെക്കുകയും അതിന്റെ നിജസ്ഥിതി ഡ്യൂട്ടി ആഫിസറെ കാണിച്ചു കണക്കു ബോധിപ്പിക്കൽ.
6. ഡ്യൂട്ടി ഓഫീസറുടെ നിർദ്ദേശ പ്രകാരം ചിലപ്പോൾ പാൽ കൊണ്ട് പോയതിന്റെയും ട്രേകൾ കഴുകുകയും, അത് വണ്ടിയിൽ ലോഡ് ചെയ്യേണ്ടതുമായ ജോലി.

## നിരക്ക് സമർപ്പിക്കേണ്ടത്

തിരുവനന്തപുരം ഡെയറിയിൽ പ്രോഡക്ട്സ് വിഭാഗത്തിലെ തൈര് ട്രേ, ഐസ്ക്രീം ക്രെയ്റ്റ്, ഐസ്ക്രീം ബോക്സ് ചെറുതും, വലുതും എന്നിവ കഴുകി വൃത്തിയാക്കി അടുക്കി വണ്ടിയിൽ വെച്ച് തരുന്നതിന് ഒരെണ്ണത്തിന് വീതം നിരക്ക് സമർപ്പിക്കണം.

കൂടാതെ, എല്ലാ വിധ നികുതികളും മറ്റെല്ലാ ചിലവുകളും ഉൾപ്പെടുത്തി ആയിരിക്കണം നിരക്ക് സമർപ്പിക്കേണ്ടത്. അധികമായി ഒരു തുകയും യാതൊരു

കാരണവശാലും അനുവദിക്കുന്നതല്ല.നിരക്ക് എഴുതി സമർപ്പിക്കേണ്ട ഫോറം ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

## പൊതു നിബന്ധനകൾ

1. നിരക്ക് സമർപ്പിച്ചയാൾക്ക് കരാർ നൽകുവാനോ, കരാർ നിരസിക്കുവാനോ ഉള്ള അധികാരം ഈ സ്ഥാപനത്തിലെ സീനിയർ മാനേജറിൽ നിക്ഷിപ്തമാണ്.
2. സർവീസിൽ ഉള്ള ജീവനക്കാരോ അവരുടെ പ്രതിനിധികളോ നേരിട്ടോ അല്ലാതെയോ ടി കരാറിൽ പങ്കാളിയാകുവാൻ പാടുള്ളതല്ല. അത്തരത്തിൽ പങ്കെടുത്തതായി ബോധ്യപ്പെട്ടാൽ ടി അപേക്ഷ നിരസിക്കുവാനുള്ള പൂർണ്ണ അധികാരം തിരുവനന്തപുരം ഡയറി സീനിയർ മാനേജറിൽ നിക്ഷിപ്തമായിരിക്കും.
3. ടി കരാർ കാലയളവിൽ കരാർ ജീവനക്കാർക്ക് ഉണ്ടാകുന്ന അപകടങ്ങൾക്കോ നാശനഷ്ടങ്ങൾക്കോ ഈ സ്ഥാപനം ഉത്തരവാദിയായിരിക്കില്ല.
4. ട്രേ വാഷറുടെ SOP പ്രകാരം മാത്രം മെഷീൻ പ്രവർത്തിപ്പിക്കാൻ പാടുള്ളു . മെഷീന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാർ ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തെ അറിയിച്ചു തകരാർ പരിഹരിച്ചതിനുശേഷം മാത്രമേ മെഷീൻ പ്രവർത്തിപ്പിക്കാൻ പാടുള്ളു.
5. അശ്രദ്ധമായി ട്രേ വാഷർ മെഷീൻ പ്രവർത്തിപ്പിച്ചു കേടുപാടുകൾ സംഭവിച്ചാൽ മെഷീൻ നന്നാക്കുവാൻ ചിലവാകുന്ന തുക ബില്ലിൽ നിന്നും കുറവ് വരുത്തുന്നതായിരിക്കും.
6. ട്രേ കഴുകാൻ നിൽക്കുന്ന ജീവനക്കാർ ഡെയറിയിൽ പാലിക്കേണ്ട നിയമങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.
7. മുദ്രവച്ച ദർഘാസുകൾക്ക് മുകളിൽ ദർഘാസ് നമ്പർ, സമർപ്പിക്കേണ്ട തീയതി, സമയം, ദർഘാസ് തുറക്കുന്ന സമയം എന്നിവ രേഖപ്പെടുത്തിയിരിക്കണം.
8. മേൽ പറയുന്ന കരാർ ജോലികൾ ചെയ്യുമ്പോൾ ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കോ സ്ഥാപര ജംഗമ വസ്തുക്കൾക്കോ നാശനഷ്ടം വരുത്തുവാൻ പാടുള്ളതല്ല.
9. മുദ്രവച്ച ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 5/11/2026 - 2.30 pm ന്. അന്നേ ദിവസം ദർഘാസ് തുറക്കുന്നതായിരിക്കും. സമയം കഴിഞ്ഞു കിട്ടുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
10. കരാറിന്റെ കാലാവധി ഒരു വർഷത്തേക്ക് പുതിയ കോൺട്രാക്ട് വരുന്നത് വരെ മാത്രമായിരിക്കും. ആദ്യത്തെ മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം മാത്രമേ കോൺട്രാക്ട് നീട്ടി നൽകുകയുള്ളു. ആവശ്യമുള്ള പക്ഷം കോൺട്രാക്ടിന്റെ കാലാവധി അതേ നിരക്കിൽ 1 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതാണ്.
11. മുദ്രവച്ച ദർഘാസിനോടൊപ്പം Rs. 5000/- (അയ്യായിരം) രൂപ നിരതദ്രവ്യം ഈ സ്ഥാപനത്തിൽ അടച്ചതിന്റെ തെളിവായ രസീത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കണം. (പഴയ നിരതദ്രവ്യം ഉപയോഗിക്കാൻ പാടുള്ളതല്ല.) കരാർ

അന്തിമമായി തീരുമാനിച്ചശേഷം മാത്രമേ മറ്റു ദർഘാസുകാരുടെ നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുകയുള്ളു.

12. അപേക്ഷ ഫീസ് ആയി 500 രൂപ ഓഫീസിൽ അടച്ചതിന്റെ രസീത് നിർദിഷ്ട ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാകുന്നു.

13. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാതെയും അപൂർണ്ണവുമായ ദർഘാസുകൾ യാതൊരു അറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

14 കോൺട്രാക്ടർ നിയമിക്കുന്ന കരാർ ജീവനക്കാർ പകർച്ചവ്യാധികൾ ഇല്ലാത്തവരും പൂർണ്ണ ആരോഗ്യവാന്മാരും ആയിരിക്കണം. ടി ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപായി ഹാജരാക്കേണ്ടതാണ്.

15. ക്വട്ടേഷൻ ലഭിക്കുന്നവർ 200 രൂപയുടെ ബോണ്ട് പേപ്പറിൽ സീനിയർ മാനേജർ, തിരുവനന്തപുരം ഡയറിയുമായി എഗ്രിമെന്റ് ഒപ്പുവച്ചതിനു ശേഷം ₹10,000/- (പതിനായിരം) രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കേണ്ടതാണ്. ടി തുക കോൺട്രാക്ട് കഴിഞ്ഞതിനു ശേഷം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ NOC ലഭിച്ചതിനുശേഷം മാത്രം പലിശ രഹിതമായി തിരികെ ലഭിക്കുന്നതായിരിക്കും.

16. കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ കരാർ പ്രകാരമുള്ള ചുമതലകൾ തൃപ്തികരമായി നിർവഹിക്കാതിരിക്കുകയോ യൂണിറ്റിന്റെ നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കരാർ അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുകയോ ചെയ്യുന്ന പക്ഷം, ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിനുള്ള അധികാരം ഡയറി മാനേജറിൽ നിക്ഷിപ്തമായിരിക്കും.

## മുദ്രവെച്ച ദർഘാസുകൾ സമർപ്പിക്കേണ്ട വിലാസം

സീനിയർ മാനേജർ,
തിരുവനന്തപുരം ഡയറി,
അമ്പലത്തറ, പൂന്തുറ പി.ഒ.,
തിരുവനന്തപുരം - 695026

തിരുവനന്തപുരം ഡയറി

# ദർഘാസ് ഫാറം

TD/PDTS/27/2026-27-40

22/10/2026

| ക്രമ നം. | ജോലിയുടെ വിവരം | നിരക്ക് ഒന്നിന് (എല്ലാം ഉൾപ്പെടെ) | Remarks |
|---|---|---|---|
| 1 | തൈരിന്റെ ട്രേ കഴുകി വണ്ടിയിൽ ലോഡ് ചെയ്യുന്നതിന് ട്രേ ഒന്നിന് | | |
| 2 | ഐസ് ക്രീം ക്രെയ്റ്റുകൾ കഴുകി വണ്ടിയിൽ കയറ്റുന്നതിന് ക്രെയ്റ്റ് ഒന്നിന് | | |
| 3 | ഐസ് ക്രീം ബോക്സ് ചെറുത് കഴുകുന്നതിന് ഒന്നിന് | | |
| 4 | ഐസ് ക്രീം ബോക്സ് വലുത് കഴുകുന്നതിന് ഒന്നിന് | | |

## അപേക്ഷകന്റെ വിവരങ്ങൾ

ദർഘാസ് സമർപ്പിക്കുന്ന ആളുടെ പേര്:

അഡ്രസ്സ്:

മൊബൈൽ നമ്പർ:

അപേക്ഷ ഫീസ് രസീത് നം.: ______________

ഒപ്പ്: ______________



File No. TRCMPU/TVD/PDTS(19)/2/2026-MILMA (Computer No. 17531)
Generated from eOffice by JANCY J S, ASSISTANT DIARY ENGINEER (MIS-THO), ASSISTANT DIARY ENGINEER (MIS-THO), THIRUVANATHAPURAM REGIONAL CO-OPERATIVE MILK PRODUCERS UNION LT on 23/1